# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ<br>NOVEMBER 22 | 2021 |
|---|---|



## ശബരിമല പത്രക്കുറിപ്പ്

ഫോൺ : 04735-202664

ww.sabarimal.kerala..gov.in, prdsabarimala2021@gmail.com

---

### ശബരിമല തീർഥാടനം: ഉന്നതതല യോഗം ചേർന്നു

### നടപ്പന്തലിൽ വിശ്രമിക്കുന്ന തീർഥാടകർക്ക് കുടിവെള്ളം നൽകും

ശബരിമല മണ്ഡല മകരവിളക്ക് തീർഥാടനത്തോട് അനുബന്ധിച്ച് ശബരിമല സന്നിധാനം കോൺഫറൻസ് ഹാളിൽ എഡിഎം അർജുൻ പാണ്ഡ്യന്റെ അധ്യക്ഷതയിൽ ഉന്നതതല യോഗം ചേർന്ന് ക്രമീകരണങ്ങൾ വിലയിരുത്തി.നടപ്പന്തലിൽ വിശ്രമിക്കുന്ന തീർത്ഥാടകർക്ക് കുടിവെള്ളം നൽകാനുള്ള സംവിധാനം ഏർപ്പെടുത്തുമെന്ന് എഡി എം പറഞ്ഞു. തീർത്ഥാടകർക്ക് ഉപയോഗിക്കുന്നതിനായി സന്നിധാനത്തും പരിസരത്തുമായി 575 ശൗചാലയങ്ങൾ പ്രവർത്തന സജ്ജമായിട്ടു ്. എല്ലാ വകുപ്പുകളിലേയും, അയ്യപ്പസേവാ സംഘത്തിലേയും തെരഞ്ഞെടുത്ത ആളുകൾക്ക് സി പി ആർ പരിശീലനം ആരോഗ്യ വകുപ്പ് നൽകും. നീലിമല റോഡിൽ ഫയർ ഫോഴ്സ് സേഫ്റ്റി ഓഡിറ്റ് നടത്തി റിപ്പോർട്ട് തയാറാക്കി നൽകും. ഇന്നു(23) മുതൽ നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നിവിടങ്ങളിലായി 287 വിശുദ്ധി സേനാംഗങ്ങളെ നിയോഗിക്കുമെന്നും എഡിഎം പറഞ്ഞു.

ശബരിമല എക്സിക്യൂട്ടീവ് ഓഫീസർ വി. കൃഷ്ണ കുമാര വാര്യർ,

ശബരിമല പോലീസ് സ്പെഷ്യൽ ഓഫീസർ എ ആർ പ്രേംകുമാർ, എക ്സിക്യൂട്ടീവ് മജിസ്ട്രേറ്റ് ടി എസ് അനിൽകുമാർ, ഫെസ്റ്റിവൽ കൺട്രോൾ ഓഫീസർ ആർ. സംഗീത്, ഡ്യൂട്ടി മജിസ്ട്രേറ്റ് ഗോപിനാഥ്, വകുപ്പുതല ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

(പി.ആർ. ശബരി-41)

## ശബരിമലയിലെ നാളത്തെ (23.11.2021) ചടങ്ങുകൾ

പുലർച്ചെ 3.30 ന് പള്ളി ഉണർത്തൽ
4 മണിക്ക്.... തിരുനട തുറക്കൽ
4.05 ന്..... അഭിഷേകം
4.30 ന് ...ഗണപതി ഹോമം
5 മണി മുതൽ 7 മണി വരെ നെയ്യഭിഷേകം
7.30 ന് ഉഷപൂജ
8 മണി മുതൽ ഉദയാസ്തമന പൂജ
11.30 ന് 25 കലശാഭിഷേകം
തുടർന്ന് കളഭാഭിഷേകം
12 ന് ഉച്ചപൂജ
1 മണിക്ക് നട അടയ്ക്കൽ
4 മണിക്ക് ക്ഷേത്രനട തുറക്കും
6.30 ....ദീപാരാധന
7 മണിക്ക് .....പടിപൂജ
9 മണിക്ക് ....അത്താഴപൂജ
9.50 ന് ഹരിവരാസനം സങ്കീർത്തനം പാടി 10 മണിക്ക് ശ്രീകോവിൽ നട അടയ്ക്കും.

(പി.ആർ. ശബരി-42)

***ഫോട്ടോ അടിക്കുറിപ്പ്: മീറ്റിംഗ്-*** ശബരിമല സന്നിധാനത്ത് തീർത്ഥാടന പുരോഗതി വിലയിരുത്താൻ ശബരിമല എഡിഎം അർജുൻ പാണ്ഡ്യന്റെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗം

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.